Circular Letter No/GR/67/2026

ഈശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരെ, സന്യസ്തരേ, ദൈവജനമേ,

2025-ലെ ക്രിസ്തു ജൂബിലി വർഷം അവസാനിച്ചതേയുള്ളൂ. പ്രത്യാശയുടെ തീർത്ഥാടകരാകുവാൻ നമ്മെ പ്രചോദിപ്പിച്ച ഈ വർഷം ഫലപ്രദമായി ഉപയോഗിക്കുവാൻ നമുക്ക് സാധിച്ചതിൽ നല്ല ദൈവത്തിന് നന്ദി പറയാം. കഴിഞ്ഞ ജൂബിലി വർഷത്തിന്റെ കൃപാവരത്തിൽ തുടർന്നും ജീവിക്കാൻ, അതിനോട്ചേർത്ത്, അതിൻറെ തുടർച്ചയായി മാതൃകാപരമായ മറ്റൊരു അവസരം കൂടി നമുക്ക് കൈവന്നിരിക്കുന്നു.

സമാധാന ദൂതനും രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്നവനും സർവോപരി സൃഷ്ടികളിൽ സ്രഷ്ടാവിനെ കണ്ടെത്തിയവനുമായ അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ സ്വർഗീയ പ്രവേശനത്തിന്റെ 800-ആം വാർഷികം ആഗോള സഭ ഈ വർഷം ആചരിക്കുകയാണ്. ഇതോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ മാർപാപ്പ, 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെ പ്രത്യേക ഫ്രാൻസിസ്കൻ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നത് നിങ്ങളേവരും ഇതിനോടകം അറിഞ്ഞിരിക്കുമല്ലോ. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ വ്യക്തിത്വവും പ്രവർത്തനവും പൂർണമായി മനസ്സിലാക്കി അദ്ദേഹത്തിൻറെ മാതൃക സ്വീകരിച്ചുകൊണ്ട് ഇന്നത്തെ ലോകത്ത് അദ്ദേഹത്തെപ്പോലെ വിശുദ്ധിയോടെ ജീവിക്കുവാൻ ഈ വർഷം നമ്മെ ആഹ്വാനം ചെയ്യുന്നു.

ധനികനായ ഒരു വ്യാപാരിയുടെ മകനായി ഇറ്റലിയിലെ അസ്സീസിയിൽ 1181-ഇൽ അദ്ദേഹം ജനിച്ചു. അതിസമ്പന്ന കുടുംബത്തിൽ ജനിച്ചെങ്കിലും ദരിദ്രനും വിനീതനുമായി മറ്റൊരു ക്രിസ്തുവായി ഈ ഭൂമിയിൽ അദ്ദേഹം ജീവിച്ചു. യുവാവായിരിക്കെ യുദ്ധത്തിൽ തടവുകാരനാവുകയും പിന്നീട് ആത്മീയതയിലേക്ക് വഴിമാറി, സമ്പത്ത് മുഴുവൻ ഉപേക്ഷിച്ച് ദാരിദ്ര്യം വരിച്ച് സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. ഫ്രാൻസിസ്കൻ സഭ (Order of Friars Minor) സ്ഥാപിച്ച് ക്രിസ്തുവിന്റെ ദരിദ്രരൂപം അനുകരിച്ച അദ്ദേഹം, പ്രകൃതിയെയും മൃഗങ്ങളെയും സ്നേഹിച്ച വിശുദ്ധനായി അറിയപ്പെടുന്നു. തന്നെതന്നെ താഴ്ത്തികൊണ്ട് അദ്ദേഹം പഴകിയ പരുക്കൻ വസ്ത്രങ്ങൾ ധരിച്ചു. ഭക്ഷണത്തിനായി തെരുവിലിറങ്ങി യാചിച്ചു. ഏറ്റവും എളിമയുള്ള ജീവിതം നയിച്ചിരുന്നതിനാൽ ഫ്രാൻസിസ് വൈദിക പട്ടം പോലും സ്വീകരിക്കാതെ ഒരു 'ഡീക്കൻ' ആയിട്ടാണ് ജീവിതകാലം മുഴുവൻ കഴിഞ്ഞത്. ജീവിതത്തിന്റെ അവസാന നാളുകളിൽ ക്രിസ്തുവിന്റെ പഞ്ചക്ഷതങ്ങൾ ഏറ്റുവാങ്ങിയ ഇദ്ദേഹം 1226 ഒക്ടോബർ 4-ന് ഇറ്റലിയിലെ പോർസ്യുങ്കുള എന്ന സ്ഥലത്ത് വെച്ച് സ്വർഗീയ ഭവനത്തിലേക്ക് യാത്രയായി. ജീവിച്ചിരിക്കെ തന്നെ വിശുദ്ധനെന്നു പരക്കെ ഘോഷിക്കപ്പെട്ട ഫ്രാൻസിസ് വിശുദ്ധ പദവിയിലേക്കുയർത്തപ്പെടുന്നതിനു അധികം താമസമുണ്ടായില്ല. രണ്ട് വർഷത്തിനകം ഗ്രിഗറി ഒമ്പതാമൻ മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

ധാർമിക മൂല്യങ്ങൾ കൈമോശം വന്നുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് വിശുദ്ധ ഫ്രാൻസിസ് അസീസി ജനിക്കുന്നതും ജീവിക്കുന്നതും. അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിൽ നിന്ന് വളരെ വ്യത്യസ്തമല്ല ഇന്ന് നമ്മുടെ കാലഘട്ടവും. ക്രൈസ്തവ ഉപവി കുറഞ്ഞുവരുന്ന ഈ കാലത്ത്, അസന്മാർഗികതയും സ്വാർഥതയും ഭിന്നിപ്പും സാമൂഹിക അക്രമവും ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറുമ്പോൾ സമാധാനം ദിവസം തോറും സുരക്ഷയില്ലാത്തതും വിദൂരത്തും ആകുമ്പോൾ, വിശുദ്ധ ഫ്രാൻസിസിന്റെ ഈ വർഷം നമുക്കെല്ലാവർക്കും ഒരു പ്രചോദനമാകണം. ഓരോരുത്തരും അവരവരുടെ സാധ്യതകൾക്ക് അനുസരിച്ച് അസീസിയിലെ ഈ ദരിദ്രനായ മനുഷ്യനെ അനുകരിക്കണം.

ഫ്രാൻസിസ്കൻ വർഷാചരണം സഭ മുഴുവനിലും ഫലപ്രദമായി നടത്തുവാൻ ചില നിർദ്ദേശങ്ങൾ പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ മാർപാപ്പ മുമ്പോട്ട് വച്ചിട്ടുണ്ട്. പരിശുദ്ധ പിതാവിൻറെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ രൂപതയിൽ ഫ്രാൻസിസ്കൻ വർഷാചരണം കാര്യക്ഷമമായി നടത്തുവാൻ എടുത്തിരിക്കുന്ന ചില സുപ്രധാന തീരുമാനങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ. നമ്മുടെ രൂപതയിൽ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ പേരിലുള്ള ഏക ദേവാലയം ആറുകാണി ഫൊറോനായുടെ കീഴിൽ വരുന്ന മേഴക്കോട് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഫ്രാൻസിസ് അസീസിയുടെ ദേവാലയം ആണ്.

പരിശുദ്ധ സിംഹാസനത്തിന്റെ പ്രത്യേക നിർദ്ദേശം അനുസരിച്ച് രൂപതാ അധ്യക്ഷൻ എന്ന നിലയിൽ മേഴക്കോട് വിശുദ്ധ ഫ്രാൻസിസ് അസീസി ദേവാലയത്തെ 2026 ഏപ്രിൽ 19 മുതൽ 2027 ജനുവരി 10 വരെ രൂപതാ തീർത്ഥാടന കേന്ദ്രമായി ഞാൻ പ്രഖ്യാപിക്കുന്നു. ഇതിന്റെ ഔദ്യോഗിക പ്രഖ്യാപനം ഏപ്രിൽ 19 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 മണിക്ക് മേഴക്കോട് വിശുദ്ധ ഫ്രാൻസിസ് അസീസി ദേവാലയത്തിൽ വച്ച് പരിശുദ്ധ കുർബാനയോടു ചേർന്ന് നടത്തപ്പെടുന്നതാണ്. അന്നേദിവസം നടക്കുന്ന തിരുക്കർമ്മങ്ങളുടെ വിശദവിവരങ്ങൾ ഉൾപ്പെട്ട ഒരു നോട്ടീസ് നിങ്ങൾക്ക് ലഭിക്കുന്നതാണ്. രൂപതയിലെ ഓരോ ഇടവകകളിൽ നിന്നും രണ്ട് പ്രതിനിധികൾ (കൈക്കാരന്മാരോ അവരുടെ അഭാവത്തിൽ വികാരി പ്രത്യേകം നിയമിക്കുന്നവരോ) ഇതിൽ സംബന്ധിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. ആറുകാണി, മഞ്ചാലുംമൂട്, കളിയൽ ഫൊറോനകളിൽനിന്ന് കൂടുതൽ ആളുകൾ ഇതിൽ പങ്കെടുക്കണമെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരും ചേർന്ന് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പണവും ഉണ്ടായിരിക്കുന്നതാണ്. രൂപതയിൽ സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട എല്ലാ സിസ്റ്റേഴ്സിനെയും ഞാൻ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

ഏപ്രിൽ 19 മുതൽ തിരുസഭ നിശ്ചയിച്ചിട്ടുള്ള പ്രത്യേക മാനദണ്ഡങ്ങളോടെ ഈ തീർത്ഥാടനകേന്ദ്രം സന്ദർശിച്ച് പ്രാർത്ഥിക്കുന്നവർക്ക് പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുന്നതിനുള്ള അവസരം ഉണ്ടെന്നുള്ള സന്തോഷകരമായ കാര്യവും ഈ അവസരത്തിൽ ഞാൻ നിങ്ങളെ അറിയിക്കുന്നു. പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതാണ്. ഒരു തീർത്ഥാടനം എന്നവിധം ഈ ദേവാലയത്തിൽ എത്തി കുറച്ചുസമയം പ്രാർത്ഥനയിൽ ചെലവഴിക്കുക. തുടർന്ന് പരിശുദ്ധ പിതാവിൻറെ നിയോഗങ്ങൾക്കായി 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ'

എന്ന പ്രാർത്ഥന ചൊല്ലി കാഴ്ചവയ്ക്കുക. അതേത്തുടർന്ന് 'വിശ്വാസപ്രമാണം', 'നന്മ നിറഞ്ഞ മറിയമേ' എന്നീ പ്രാർത്ഥനകളും, വിശുദ്ധ ഫ്രാൻസിസ് അസീസിയോടും വിശുദ്ധ ക്ലാരയോടും ഫ്രാൻസിസ്കൻ കുടുംബത്തിൽപ്പെട്ട ഇതര വിശുദ്ധരോടും പ്രാർത്ഥിക്കുകയും ചെയ്യുക. തീർഥാടനത്തിന് ഏതാനും ദിവസങ്ങൾക്കു മുമ്പോ ശേഷമോ കുമ്പസാരം നടത്തേണ്ടതാണ്. അതുപോലെതന്നെ തീർത്ഥാടനത്തിന് ഏതാനും ദിവസങ്ങൾക്കു മുമ്പോ ശേഷമോ വിശുദ്ധ കുർബാന സ്വീകരിക്കേണ്ടതാണ്. തീർത്ഥാടനം നടത്തുന്ന അതേ ദിവസം തന്നെ കുർബാന സ്വീകരിക്കുന്നതാണ് കൂടുതൽ അഭികാമ്യം.

പ്രായമായവർക്കും രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും മറ്റ് ഗൗരവമായ കാരണങ്ങളാൽ തങ്ങളുടെ ഭവനങ്ങൾ വിട്ടു പോകാൻ കഴിയാത്തവർക്കും പൂർണ്ണ ദണ്ഡവിമോചനം ഈ വർഷം പ്രാപിക്കാൻ ആകും. ഇതിനായി അവർ എല്ലാ പാപങ്ങളിൽ നിന്നും വിട്ടുനിൽക്കുകയും, തങ്ങളുടെ കഷ്ടപ്പാടുകൾ ദൈവത്തിന് സമർപ്പിക്കുകയും വേണം. കൂടാതെ, സാഹചര്യം അനുവദിക്കുന്ന മുറയ്ക്ക് മുകളിൽ പറഞ്ഞ മൂന്ന് നിബന്ധനകൾ (പാപ്പയുടെ നിയോഗം, കുർബാന, കുമ്പസാരം) എത്രയും വേഗം നിറവേറ്റുകയും വേണം. സഭയുടെ താക്കോലുകളുടെ ശക്തി വഴിയായി ദൈവീക കൃപ ലഭിക്കുവാനുള്ള ഈ അവസരം ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്ന് നിങ്ങളെല്ലാവരോടും ഞാൻ അഭ്യർത്ഥിക്കുന്നു.

ഇത് കൂടാതെ ഫ്രാൻസിസ്കൻ വർഷം ഫലപ്രദമായി ആചരിക്കുവാൻ പ്രത്യേക പരിപാടികൾ തീർഥാടനകേന്ദ്രത്തിൽ ഒരുക്കിയിട്ടുണ്ട്. എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരം 5.30 മുതൽ ദിവ്യകാരുണ്യ ആരാധനയും വിശുദ്ധ ഫ്രാൻസിസ് അസീസിയോടുള്ള മധ്യസ്ഥ പ്രാർത്ഥനയും പരിശുദ്ധ കുർബാനയും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ മാസത്തിലെ രണ്ടാം വെള്ളിയാഴ്ചകളിൽ രാത്രി ജാഗരണ പ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്. ഭക്ഷണത്തിനായി തെരുവിൽ യാചിച്ച ഫ്രാൻസിസ് അസീസിയെ അനുസ്മരിച്ചുകൊണ്ട് മാസത്തിലെ എല്ലാ ആദ്യ ശനിയാഴ്ചകളിലും അവസാന ശനിയാഴ്ചകളിലും എല്ലാ ഇടവകകളിലും പൊതിച്ചോറ് വിതരണം നടത്തുന്നത് അഭികാമ്യം ആയിരിക്കും. അതോടൊപ്പം വിശുദ്ധനെ പോലെ പ്രകൃതിയെ കൂടുതൽ സ്നേഹിക്കുവാൻ ഉപകരിക്കുന്ന തരത്തിലുള്ള പദ്ധതികൾ ഇടവക തലങ്ങളിൽ ആസൂത്രണം ചെയ്യുമല്ലോ. ഈ വിശുദ്ധനെ അടുത്തറിയുവാനും അനുകരിക്കുവാനും പല ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ നാടക മത്സരങ്ങൾ, രചനാ മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

അസീസിയിലെ ദരിദ്രന്റെ ആത്മീയ പാത പിന്തുടരുന്ന നമ്മുടെ രൂപതയിലെ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനി (എഫ്സിസി) സഹോദരിമാർക്ക് ഈ അവസരത്തിൽ പ്രത്യേകമായ വിധം ആശംസകളും പ്രാർത്ഥനകളും ഞാൻ നേരുന്നു. വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ സ്മരണ പുതുക്കുന്ന ഈ സവിശേഷ വർഷം നമ്മുടെ രൂപത മുഴുവനും വലിയ ആത്മീയ ഉണർവിന് കാരണമാകട്ടെ എന്ന് ആശംസിക്കുന്നു. അസീസിയിലെ വിശുദ്ധന്റെ മാതൃക ഉൾക്കൊണ്ടുകൊണ്ട്, കാരുണ്യപ്രവൃത്തികളിലും പ്രാർത്ഥനയിലും അധിഷ്ഠിതമായ ഒരു ജീവിതശൈലി കെട്ടിപ്പടുക്കാൻ നമുക്ക് സാധിക്കണം. ഈ വിശുദ്ധ വർഷത്തിൽ രൂപതയും തീർഥാടന കേന്ദ്രവും വിഭാവനം ചെയ്തിരിക്കുന്ന കർമ്മപദ്ധതികളിൽ എല്ലാവരും ഉത്സാഹ പൂർവ്വം പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ വിളിപ്പാടുകൾ പിന്തുടർന്ന്, വിനയത്തിന്റെയും ലളിതജീവിതത്തിന്റെയും പാതയിലൂടെ മുന്നേറാൻ ഈ വർഷാചരണം നമുക്ക് പ്രചോദനമാകട്ടെ. പ്രകൃതിയോടും സഹജീവികളോടുമുള്ള സ്നേഹത്തിൽ വളരാനും, സമാധാനത്തിന്റെ ഉപകരണങ്ങളായി മാറാനും നമുക്ക് പരിശ്രമിക്കാം.

വിശുദ്ധന്റെ മധ്യസ്ഥതയാൽ ദൈവം നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ.

Bishops House
06– 04 - 2026

BISHOP GEORGE RAJENDRAN sdb
Diocese of Thuckalay

ഈശോമിശിഹായിൽ സ്നേഹപൂർവ്വം

മാർ ജോർജ് രാജേന്ദ്രൻ
തക്കല രൂപതയുടെ മെത്രാൻ

NB: ഈ സർക്കുലർ 2026 ഏപ്രിൽ 12 ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കണം.